ഒഴിവാക്കിയിട്ടുള്ളത്. 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 'പുറംപോക്ക്' എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നവ കൂടാതെ സർക്കാർ/പൊതു ആവശ്യങ്ങൾക്കു വേണ്ടി വരുന്ന മറ്റു സർക്കാർവക വസ്തുക്കളും ഇതിൽ ഉൾപ്പെടും. 1964-ലെ കേരള ഭൂമി പതിവുചട്ടങ്ങളിലെ ചട്ടം 11 (2)-ലും 1995-ലെ ഭൂമി പതിവു ചട്ടങ്ങളിലെ ചട്ടം 6 (2)-ലും ഒന്ന് (i) മുതൽ പത്ത് (x) വരെയുള്ള അനുഛേദങ്ങളിൽ പരാമർശിക്കുന്ന വസ്തുക്കളും പതിച്ചുനൽകുവാൻ പാടില്ലാത്ത പുറംപോക്ക് ഭൂമികളിൽപ്പെടുന്നു.

(ഡി) ഭൂമി പതിച്ചുനൽകുന്നതിന്റെ ഉദ്ദേശ്യം, പതിച്ചുനൽകുന്ന ഭൂമിയുടെ സ്വഭാവം, കൈവശത്തിന്റെ സ്വഭാവം ഇവയെ ആധാരമാക്കി ഭൂമിവില, സർവ്വെ ആന്റ് ഡിമാർക്കേഷൻ ചാർജ്ജ്, മരവില, കമ്പോളവില, ഇവ ഈടാക്കി വരുന്നുണ്ട്. 1964, 1995, 1993 എന്നീ വർഷങ്ങളിലെ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് തുക ഈടാക്കുന്നത്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ഭൂമിവിലയും മറ്റും ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24, 1995-ലെ ചട്ടത്തിലെ ചട്ടം 21, 1993-ലെ ചട്ടം 20 ഇവ അനുസരിച്ച് ഭൂമി പതിവിന്റെ പൊതു താല്പര്യം പരിഗണിച്ച് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് ഉപരിയായി സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചു നൽകുന്നതിനുള്ള വിവേചനാധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

പട്ടയം നൽകുന്നതിന് നടപടി

7 [4982] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പതിച്ചുനൽകുന്നവരിൽ നിന്ന് മാർക്കറ്റ് വാല്യു ഈടാക്കുന്നത് സംബന്ധിച്ച് റവന്യൂ (പി) ഡിപ്പാർട്ടുമെന്റിൽ നിന്ന് ജി.ഒ. (എംഎസ്.) 13/2002/ആർ.ഡി. നമ്പർ പ്രകാരം 5-1-2002-ൽ ഇറക്കിയിട്ടുള്ള ഉത്തരവിൽ 'വീക്കർ സെക്ഷന്റെ നിർവചനം' ആരാഞ്ഞുകൊണ്ട് തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ കളക്ടർമാർ അയച്ചിട്ടുള്ള കത്ത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വീക്കർ സെക്ഷനിൽ ആരെല്ലാമാണ് ഉൾപ്പെടുന്നത്; വീക്കർ സെക്ഷനിൽ ഉൾപ്പെടുത്തുന്നതിന് എന്ത് മാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവിലെ അവ്യക്തതമൂലം നാളിതുവരെ പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകാതിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) വീക്കർ സെക്ഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് ആവശ്യമായ വിവരം നൽകുന്നതിന് പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ആസൂത്രണ വകുപ്പ് എന്നിവയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെനിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വീക്കർ സെക്ഷനെ സംബന്ധിച്ച അവ്യക്തത മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

മിച്ചഭൂമി കൈവശ കൃഷിക്കാർക്ക് പതിച്ചുനൽകുന്നതിനു നടപടി

8 [4983] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശകൃഷിക്കാർക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ 62778/എൻ1/93/ആർ. ഡി. തീയതി 18-9-2001 നമ്പർ ഫയലിൽ കഴിഞ്ഞ രണ്ടുവർഷമായി നടന്നുവരുന്ന പരിശോധനകളും നടപടികളും നിലവിൽ ഏതു ഘട്ടത്തിലാണെന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ ഫയലിൽ തീർപ്പാക്കുന്നതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിക്കായി അപേക്ഷിച്ച 189 കൈവശകൃഷിക്കാരിൽനിന്നും 86 പേരെ ഒഴിവാക്കി 103 പേർക്കു മാത്രമായി പതിച്ചുനൽകുവാനുള്ള കാസർഗോഡ് ജില്ലാ കളക്ടറുടെ 24-11-2001-ലെ എച്ച് 2 1867/84 നമ്പർ കത്തിന്റെയും ഹോസ്ദുർഗ്ഗ് തഹസിൽദാരുടെ 18-12-2001-ലെ ഡി3/21028/70 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ മറ്റു കൈവശക്കാരെ ഒഴിവാക്കിയ കാരണം വ്യക്തമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് നടന്നുവരുന്ന പരിശോധന പൂർത്തിയായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദവിവരങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ—സി) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശക്കാർക്ക് പതിച്ചുനൽകുന്നതു സംബന്ധിച്ച വിഷയം സർക്കാർ 26-7-2002-ൽ തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ, ലാന്റ് ബോർഡ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുമായി നടത്തിയ ചർച്ചയുടെയും കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ 189 കൈവശകൃഷിക്കാരുടെയും അവകാശം സംരക്ഷിച്ചുകൊണ്ട് (ഇതിൽ 15-82 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന 30 പേർ ഭൂമി പതിവിന് അർഹരായതിനാൽ അവർക്ക് കൈവശ ഭൂമി പതിച്ചുനൽകാൻ ജില്ലാ കളക്ടർക്ക് അധികാരമുള്ളതിനാൽ പ്രസ്തുത വിഭാഗത്തെ സംബന്ധിച്ച് സർക്കാർ ഉത്തരവിൽ പ്രത്യേക പരാമർശം നടത്തിയിട്ടില്ല.) 30-7-2003-ൽ ഉത്തരവ് (എംഎസ്.) 228/03/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly